B2

കേരള സർക്കാർ

നം.റവ-എച്ച്3/213/2018-റവ.

റവന്യൂ(എച്ച്) വകുപ്പ്
തിരുവനന്തപുരം
Ph. 0471 2518960,
തീയതി: 16.06.2018
revenueh123@gmail.com

0029851

തിരുവനന്തപുരം

**<u>പരിപത്രം</u>**

വിഷയം:- തൃശ്ശൂർ ജില്ലാ വികസന സമിതിയോഗം - 30.12.2017- ന് അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയം - പ്രമേയത്തിന്മേലുള്ള നടപടി - സംബന്ധിച്ച്

സൂചന: 1) തൃശ്ശൂർ ജില്ലാ വികസന സമിതിയോഗം - 30.12.2017-ന് അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയം

2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 14.03.2018 -ലെ LR(B2-10467/18) നമ്പർ കത്ത്

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഓർഡർ ആയ കേസുകളിൽ വില്ലേജ് ഓഫീസർമാർ ഓൺലൈൻ വഴി അപ് ലോഡ് ചെയ്യുന്നതിൽ കാലതാമസം വരുത്തുകയോ, വീഴ്ച വരുത്തുകയോ ചെയ്യുന്നതുമൂലം ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന ഗഡുക്കൾ അനുവദിച്ച് കിട്ടുന്നതിൽ കാലതാമസം വരുന്ന പ്രവണത ഉളവാകുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സർക്കാർ ഈ വിഷയം പരിശോധിക്കുകയും താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

14.03.2002-ലെ സ.ഉ (എം.എസ്) 37/2002/റവ, 29.05.2012-ലെ സ.ഉ (എം.എസ്) 217/12/റവ, 17.01.2017-ലെ സ.ഉ(എം.എസ്)20/2017/റവ എന്നീ ഉത്തരവുകൾക്ക് വിധേയമായി അർഹതപ്പെട്ട കേസുകളിൽ സ്റ്റേ ഉത്തരവുകൾ നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരും, തഹസിൽദാർമാരും യഥാസമയം സ്വീകരിക്കേണ്ടതും അതിലൂടെ എല്ലാ ആർ.ആർ കേസ്സുകളിലും സ്റ്റേ അനുവദിച്ച് കിട്ടുന്നതിനായി ബഹു. മന്ത്രിയുടെ ഓഫീസിനെ കുടിശ്ശികക്കാർ സമീപിക്കുന്നത് ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. റവന്യൂ റിക്കവറി ഓർഡർ ആയ കേസുകളിൽ വില്ലേജ് ഓഫീസർമാർ യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് എല്ലാ ജില്ലാ കളക്ടർമാരും സസൂക്ഷ്മം വീക്ഷിക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ടി. ശ്രീകുമാർ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ (എസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ